# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

**(ഹാജർ:- ശ്രീ.എസ്. ഹരികിഷോർ ഐഎഎസ്)**

വിഷയം: കുടുംബശ്രീ – ദേശീയ നഗര ഉപജീവന മിഷൻ പദ്ധതി – നഗര ദരിദ്രർക്കുള്ള പാർപ്പിട പദ്ധതി – ആലപ്പുഴ നഗരസഭ – ശാന്തിമന്ദിരം – മൂന്നാം ഗഡു തുക അനുവദിച്ച് ഉത്തരവാകുന്നത് – സംബന്ധിച്ച്.

പരാമർശം:
1. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6:7 ഉപഘടകം 6.7.1
2. ആലപ്പുഴ നഗരസഭാ സെക്രട്ടറിയുടെ പ്രോജക്ട് റിപ്പോർട്ട്
3. 2/3/2016–ൽ കൂടിയ സംസ്ഥാനതല പ്രോജക്ട് സാങ്ഷനിംഗ് കമ്മിറ്റിയുടെ തീരുമാനം
4. 2/3/2016–ൽ ഈ ഓഫീസിൽ നിന്ന് പുറപ്പെടുവിച്ച 4868/എഫ്/2015/KSHO നമ്പർ ഉത്തരവ്
5. 13/06/2017–ലെ ആലപ്പുഴ നഗരസഭ സിറ്റി പ്രോക്ട് ഓഫീസറുടെ H2-NULM-45039/15 നമ്പർ കത്തും ഉള്ളടക്കം ചെയ്തിരിക്കുന്ന വിനിയോഗ സാക്ഷ്യപത്രവും
6. 29/7/2017–ലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്
7. 29/12/2017–ലെ ആലപ്പുഴ നഗരസഭ സെക്രട്ടറിയുടെ H2-NULM-45039/15 നമ്പർ അപേക്ഷ

***ഉത്തരവ് നമ്പർ 6599/F/2017/KSHO) തീയതി 31..03..2018***

ദേശീയ നഗര ഉപജീവന മിഷന്റെ നഗര ദരിദ്രർക്കുള്ള ഭവന പദ്ധതി പ്രകാരം ഭവനരഹിതരെ പുനരധിവസിപ്പിക്കുന്നതിനായി പുതിയ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തിയോ നിലവിലുള്ള കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തിയോ ഏറ്റെടുക്കാവുന്നതാണ്.

ടി വ്യവസ്ഥ പ്രകാരം ആലപ്പുഴ നഗരസഭ പരാമർശം (2) പ്രകാരം സമർപ്പിച്ചിരിയ്ക്കുന്ന 1,25,00,000 രൂപ അടങ്കലുള്ള വലിയകുളം ശാന്തിമന്ദിര നിർമ്മാണ പദ്ധതി പരാമർശം (3) പ്രകാരം കൂടിയ സംസ്ഥാനതല പ്രോജക്ട് സാങ്ഷനിംഗ് കമ്മിറ്റി അംഗീകരിച്ച് പ്രവർത്തനാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം ടി തുകയ്ക്കുള്ള ഭരണാനുമതിയും ആദ്യഗഡുവായ 40% തുകയായ 50 ലക്ഷം രൂപയും സംസ്ഥാന മിഷനിൽ നിന്ന് അനുവദിച്ചുത്തരവായിരുന്നു.

ടി തുക വിനിയോഗിച്ച് നിർമ്മാണം നടന്നുവരുന്ന ടി ശാന്തിമന്ദിരത്തിന്റെ 40% പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും തുടർന്നുള്ള ഗഡു അനുവദിക്കണമെന്നും നഗരസഭാ സെക്രട്ടറി 13.6.2017 –ൽ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (6) പ്രകാരം 50,00,000/– രൂപ രണ്ടാം ഗഡു അനുവദിച്ചിരുന്നു.

പരാമർശം (7) പ്രകാരം അനുവദിച്ച ഒരു കോടി രൂപയിൽ 89,03,752/– രൂപ വിനിയോഗിച്ചു കഴിഞ്ഞെന്നും ആയതിനാൽ മൂന്നാം ഗഡു തുക അനുവദിക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്. 95% പ്രവൃത്തികൾ

പൂർത്തീകരിച്ചിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ മൂന്നാം ഗഡുവായി 15,00,000/- രൂപയും പദ്ധതി വ്യവസ്ഥ പ്രകാരമുള്ള ആദ്യ വർഷത്തെ O & M Cost 6,00,000/- രൂപയുടെ ആദ്യഗഡു 50% തുകയായ 3,00,000/- രൂപയുമായി ആകെ 18,00,000/- (പതിനെട്ട് ലക്ഷം രൂപ മാത്രം) ആലപ്പുഴ നഗരസഭാ സെക്രട്ടറിയുടെ പേർക്ക് സംസ്ഥാന മിഷനിൽ നിന്ന് അനുവദിച്ചു ഉത്തരവാകുന്നു.

| പദ്ധതി | ആകെ അടങ്കൽ തുക | അനുവദിച്ച ഒന്ന്, രണ്ട് ഗഡു തുക | അനുവദിക്കുന്ന മൂന്നാം ഗഡു തുക | അനുവദിക്കുന്ന O & M Cost (ആദ്യ വർഷത്തെ ആദ്യഗഡു) (2017-18) | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|---|---|
| ആലപ്പുഴ വലിയകുളം ശാന്തിമന്ദിരം | 1250000 | 1000000 | 1500000 | 3,00,000 | 18,00,000 |

പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം ടി തുക വിനിയോഗിക്കേണ്ടതും; വിനിയോഗ സാക്ഷ്യപത്രം യഥാസമയം സമർപ്പിക്കേണ്ടതുമാണ്. ടി ചെലവ് എൻയുഎൽഎം ഫണ്ടിലെ സപ്പോർട്ട് ടു അർബൻ ഹോംലെസ്സ് എന്ന ശീർഷകത്തിൽ Refurbishment of Shelters, O & M Cost എന്ന ഉപശീർഷങ്ങളിൽ (5.2, 5.3) വകയിരുത്തേണ്ടതാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

To

1. അക്കൗണ്ട്സ് സെക്ഷൻ - തുക അനുവദിക്കുന്നതിലേയ്ക്കായി
2. സെക്രട്ടറി, ആലപ്പുഴ നഗരസഭ

പകർപ്പ്

1. ജില്ല മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ, ആലപ്പുഴ ജില്ല
2. സിറ്റി പ്രോജക്ട് ഓഫീസർ, ആലപ്പുഴ നഗരസഭ
3. എൻയുഎൽഎം ആലപ്പുഴ സിറ്റി മിഷൻ മാനേജർ
4. കരുതൽ / അധികം

ഉത്തരവിൻ പ്രകാരം,

അക്കൗണ്ട്സ് ഓഫീസർ